**മധുരമായ കുട്ടികളെ– പാവനമായി മാറുന്നതിനുവേണ്ടി ഒന്ന് ഓര്‍മ്മയുടെ ബലവും മറ്റൊന്ന് ശിക്ഷകളുടെ ബലവുമാണ്, നിങ്ങള്‍ക്ക് ഓര്‍മ്മയുടെ ബലത്തിലൂടെ പാവന മായി ഉയര്‍ന്ന പദവി നേടണം.**

**ചോദ്യം–** ബാബ ആത്മീയ സര്‍ജനാണ്, നിങ്ങള്‍ക്ക് ഏതൊരുകാര്യത്തില്‍ ധൈര്യം നല്‍കാനാണ് ബാബ വന്നിരിക്കുന്നത്?

**ഉത്തരം–** എങ്ങനെയാണോ മറ്റു സര്‍ജന്‍, ഇപ്പോള്‍ തന്നെ അസുഖം ഭേദമാകുമെന്ന് പറഞ്ഞ് രോഗി കള്‍ക്ക് ധൈര്യം കൊടുക്കുന്നത്, അതുപോലെ ആത്മീയ സര്‍ജനും നിങ്ങള്‍ കുട്ടികളെ ധൈര്യപ്പെടുത്തു ന്നു– കുട്ടികളേ, നിങ്ങള്‍ മായയുടെ അസുഖത്തെക്കണ്ട് പരിഭ്രമിക്കരുത്, സര്‍ജന്‍ മരുന്ന് നല്‍കുമ്പോള്‍ ഈ അസുഖങ്ങളെല്ലാം ആദ്യം പുറത്തേക്കു വരും, അജ്ഞാനകാലത്ത് പോലും വന്നിട്ടില്ലാത്ത ചിന്തകള്‍ വരും. പക്ഷേ നിങ്ങള്‍ക്ക് എല്ലാം സഹിക്കണം. കുറച്ച് പരിശ്രമിക്കൂ, നിങ്ങളുടെ സുഖങ്ങളുടെ ദിനം വന്നുകഴിഞ്ഞു.

**ഓംശാന്തി**. പരിധിയില്ലാത്ത അച്ഛന്‍ എല്ലാ കുട്ടികള്‍ക്കും മനസ്സിലാക്കിത്തരുകയാണ്– നിങ്ങള്‍ എല്ലാ വര്‍ക്കും സന്ദേശം എത്തിക്കണം ഇപ്പോള്‍ അച്ഛന്‍ വന്നിരിക്കുന്നു. അച്ഛന്‍ ധൈര്യം നല്‍കുകയാണ് എന്തുകൊണ്ടെന്നാല്‍, കുട്ടികള്‍ ബാബയെ വിളിച്ചിരുന്നു– ബാബാ വന്നാലും, മുക്തി നല്‍കൂ, ദുഃഖത്തില്‍ നിന്നും മോചിപ്പിക്കൂ എന്ന് പറഞ്ഞ് ഭക്തി മാര്‍ഗ്ഗത്തില്‍ വിളിച്ചിരുന്നു. അതിനാല്‍ ബാബ ധൈര്യം നല്‍കു കയാണ്, ഇനി കുറച്ച് ദിവസങ്ങളേ ബാക്കിയുള്ളൂ. ആരുടേയെങ്കിലും അസുഖം ഭേദമാകാറായാല്‍ പറ യാറുണ്ട് ഇപ്പോള്‍ എല്ലാം ശരിയാകും എന്ന്. കുട്ടികളും മനസ്സിലാക്കുന്നുണ്ട് ഈ മോശമായ ലോക ത്തില്‍ ഇനി കുറച്ച് ദിവസങ്ങളേ ബാക്കിയുള്ളൂ പിന്നീട് നമ്മള്‍ പുതിയ ലോകത്തിലേയ്ക്ക് പോകും. അതിനായി നിങ്ങള്‍ക്ക് യോഗ്യരായി മാറണം പിന്നീട് ഒരു രോഗവും നിങ്ങളെ ബുദ്ധിമുട്ടിക്കില്ല. ബാബ ധൈര്യം നല്‍കി പറയുന്നു– കുറച്ച് പരിശ്രമിക്കൂ. ഇങ്ങനെ ധൈര്യം നല്‍കാന്‍ മറ്റാരുമില്ല. നിങ്ങള്‍ തന്നെ തമോപ്രധാനമായിരിക്കുന്നു. ഇപ്പോള്‍ അച്ഛന്‍ വന്നിരിക്കുകയാണ് നിങ്ങളെ വീണ്ടും സതോപ്രധാനമാക്കി മാറ്റാന്‍. ഇപ്പോള്‍ സര്‍വ്വാത്മാക്കളും പാവനമായി മാറും– ചിലര്‍ യോഗബലത്തിലൂടെയും ചിലര്‍ ശിക്ഷക ളുടെ ബലത്തിലൂടെയും. ശിക്ഷകള്‍ക്കും ബലമുണ്ടല്ലോ. ശിക്ഷകളിലൂടെ ആരാണോ പവിത്രമായി മാറു ന്നത് അവര്‍ക്ക് പദവി കുറയും. നിങ്ങള്‍ കുട്ടികള്‍ക്ക് ശ്രീമതം ലഭിച്ചുകൊണ്ടിരിക്കുന്നു. അച്ഛന്‍ പറയുന്നു എന്നെ മാത്രം ഓര്‍മ്മിക്കൂ, നിങ്ങളുടെ സര്‍വ്വപാപങ്ങളും ഭസ്മമാകും. അഥവാ ഓര്‍മ്മിക്കുന്നില്ലെങ്കില്‍ പാപം നൂറുമടങ്ങാകും എന്തുകൊണ്ടെന്നാല്‍ പാപാത്മാവായി മാറി നിങ്ങള്‍ എന്റെ നിന്ദ ചെയ്യിക്കുകയാ ണ്. മനുഷ്യര്‍ പറയും ഇവര്‍ക്ക് ഈശ്വരീയ മതം ലഭിച്ചിട്ടും ഇവരില്‍ നിന്നും ആസുരീയ പെരുമാറ്റങ്ങള്‍ ഉണ്ടാകുന്നു! കയറ്റവും ഇറക്കവും ഉണ്ടാകുമല്ലോ. കുട്ടികള്‍ തോറ്റുപോകുന്നുമുണ്ട്. നല്ല നല്ല കുട്ടികള്‍ പോലും തോറ്റുപോകുന്നു. അതിനാല്‍ പാപം ഭസ്മമാകുന്നേയില്ല. പിന്നീട് അനുഭവിക്കേണ്ടതായും വരു ന്നു. ഇത് വളരെ മോശമായ ലോകമാണ്, ഇതില്‍ എല്ലാം സംഭവിച്ചുകൊണ്ടിരിക്കും. ബാബയെ വിളിക്കു ന്നതുതന്നെ ഇങ്ങനെയാണ്, ബാബാ വന്ന് ഞങ്ങള്‍ക്ക് ഭാവിയിലെ പുതിയ ലോകത്തിലേയ്ക്കുള്ള വഴി പറഞ്ഞുതരൂ. ബാബയ്ക്ക് അറിയാം– ആ ഭാഗത്ത് പഴയ ലോകമാണ്, ഈ ഭാഗത്ത് പുതിയ ലോകമാണ്. നിങ്ങള്‍ തോണിയാണ്. ഇപ്പോള്‍ നിങ്ങള്‍ പുരുഷോത്തമനായി മാറാന്‍ മുന്നേറിക്കൊണ്ടിരിക്കുകയാണ്. നിങ്ങളുടെ നങ്കൂരം ഇപ്പോള്‍ പഴയലോകത്തില്‍ നിന്നും എടുത്തുകഴിഞ്ഞു. അതിനാല്‍ എവിടേയ്ക്കാണോ പോകുന്നത് ആ വീടിനെത്തന്നെ ഓര്‍മ്മിക്കണം. ബാബ പറഞ്ഞിട്ടുണ്ട് എന്നെ ഓര്‍മ്മിക്കുന്നതിലൂടെ നിങ്ങ ളിലെ കറ ഇല്ലാതാകും. ഒന്നുകില്‍ യോഗബലം അല്ലെങ്കില്‍ ശിക്ഷകള്‍. ഓരോ ആത്മാവും തീര്‍ച്ചയായും പവിത്രമായി മാറും. പവിത്രമായി മാറാതെ ആര്‍ക്കും തിരിച്ച് പോകാന്‍ പറ്റില്ല. എല്ലാവര്‍ക്കും തന്റേതായി പാര്‍ട്ട് ലഭിച്ചിട്ടുണ്ട്. ബാബ പറയുന്നു ഇതാണ് നിങ്ങളുടെ അന്തിമ ജന്മം. മനുഷ്യര്‍ പറയുന്നത് കലിയുഗം ഇപ്പോഴും പിഞ്ചുകുഞ്ഞാണെന്നാണ്. അങ്ങനെയാണെങ്കില്‍ മനുഷ്യര്‍ ഇപ്പോഴുള്ളതിലും കൂടുതല്‍ ദുഃഖി കളായി മാറും. നിങ്ങള്‍ സംഗമയുഗീ ബ്രാഹ്മണര്‍ മനസ്സിലാക്കുന്നുണ്ട് ഈ ദുഃഖധാമം ഇപ്പോള്‍ വിനാശ മാകാനുള്ളതാണ്. അച്ഛന്‍ ധൈര്യം നല്‍കുകയാണ്. കല്പം മുമ്പും അച്ഛന്‍ പറഞ്ഞിരുന്നു എന്നെ മാത്രം ഓര്‍മ്മിക്കൂ, എന്നെ ഓര്‍മ്മിക്കുകയാണെങ്കില്‍ പാപത്തിന്റെ ഭാരം ഇറങ്ങും. ഇത് ഞാന്‍ ഉറപ്പു തരുകയാ ണ്. ഇതും മനസ്സിലാക്കുന്നുണ്ട് കലിയുഗത്തിന്റെ വിനാശം തീര്‍ച്ചയായും ഉണ്ടാകണം ശേഷം തീര്‍ച്ച യായും സത്യയുഗം വരണം. ഇവിടെ കുട്ടികള്‍ക്ക് സത്കാരവും ലഭിക്കുന്നുണ്ട്, കുട്ടികള്‍ക്ക് നിശ്ചയവു മുണ്ട്. പക്ഷേ ഓര്‍മ്മ നില്‍ക്കാത്തതിനാല്‍ എന്തെങ്കിലും വികര്‍മ്മങ്ങളും ചെയ്യുന്നു. പറയുന്നു ബാബാ ക്രോധം വരുന്നു, ഇതിനെയും ഭൂതം എന്നാണ് പറയുന്നത്. ഈ രാവണരാജ്യത്തില്‍ 5 വികാരങ്ങളും

ദുഃഖം നൽകുകയാണ്. ഈ അവസാന സമയത്തെ കണക്കു വഴക്കുകളും അവസാനിപ്പിക്കണം, ആരെയാണോ ഇതുവരെ കാമവികാരം ബുദ്ധിമുട്ടിക്കാതിരുന്നത് അവരിലും ഈ രോഗം പ്രത്യക്ഷമാകും. എന്നിട്ട് പറയും മുമ്പ് ഒരിയ്ക്കലും ഇങ്ങനെയുള്ള വികല്പങ്ങൾ ഉണ്ടായിട്ടില്ല, ഇപ്പോൾ എന്തുകൊണ്ടാണ് ബുദ്ധിമുട്ടിക്കുന്നത്? ഇത് ജ്ഞാനമല്ലേ. ജ്ഞാനം മുഴുവൻ അസുഖങ്ങളേയും പുറത്ത് കൊണ്ടുവരും. ഭക്തി എല്ലാ അസുഖത്തേയും പുറത്ത് കൊണ്ടുവരില്ല. ഇത് അശുദ്ധമായ വികാരീ ലോകമാണ്, 100 ശതമാനം അശുദ്ധിയാണ്. 100 ശതമാനം പതിതത്തിൽ നിന്നും 100 ശതമാനം പാവനമാകണം. 100 ശതമാനം ഭ്രഷ്ടാചാരിയിൽ നിന്നും 100 ശതമാനം പാവനമായ ശ്രേഷ്ഠാചാരിയായ ലോകമുണ്ടാകണം.

അച്ഛൻ പറയുന്നു ഞാൻ വന്നിരിക്കുന്നത് നിങ്ങളെ ശാന്തിധാമം- സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനായാണ്. നിങ്ങൾ എന്നെ ഓർമ്മിക്കുകയും സൃഷ്ടി ചക്രം കറക്കുകയും ചെയ്യൂ. ഒരു വികർമ്മവും ചെയ്യരുത്. എന്തെല്ലാം ഗുണങ്ങൾ ഈ ദേവതകളിലുണ്ടോ ആ ഗുണങ്ങളെല്ലാം സ്വയത്തിൽ ധാരണ ചെയ്യണം. ബാബ ഒരു ബുദ്ധിമുട്ടും തരുന്നില്ല. ചില വീടുകളിൽ അശുദ്ധ ആത്മാക്കളുണ്ടെങ്കിൽ അത് തീക്കൊളുത്തും, നഷ്ടമുണ്ടാക്കിവെയ്ക്കും. ഈ സമയത്ത് എല്ലാ മനുഷ്യരും പിശാചാണല്ലോ. കർമ്മഭോഗ് സ്ഥൂല രൂപത്തിലും ഉണ്ടാകും. ആത്മാവ് പരസ്പരം ദുഃഖം നൽകുന്നത് ശരീരത്തിലൂടെയാണ്, ഇനി ശരീരം ഇല്ലെങ്കിലും ദുഃഖം നൽകുന്നു. കുട്ടികൾക്കറിയാം പ്രേതം എന്നു പറയുന്നതിനെ വെളുത്ത നിഴലുപോലെ കാണപ്പെടും. പക്ഷേ അതിനെക്കുറിച്ച് ചിന്തിക്കേണ്ട ആവശ്യമില്ല. നിങ്ങൾ എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ അത്രത്തോളം ഇതെല്ലാം അവസാനിച്ചുകൊണ്ടിരിക്കും. ഇതും കണക്കനുസരിച്ചാണല്ലോ.

വീട്ടിൽ പെൺകുട്ടികൾ പറയും- ഞങ്ങൾ പവിത്രമായിരിക്കാൻ ആഗ്രഹിക്കുന്നു. ഇത് ആത്മാവാണ് പറയുന്നത്. പക്ഷേ ആരിലാണോ ജ്ഞാനമില്ലാത്തത്, അവർ പറയും പവിത്രമായിരിക്കരുത്. പിന്നീട് വഴക്കുണ്ടാകുന്നു. എത്ര ബഹളമാണുണ്ടാകുന്നത്. ഇപ്പോൾ നിങ്ങൾ പവിത്രാത്മാവായി മാറുകയാണ്. മറ്റുള്ളവർ അപവിത്രമാണ്, അതിനാലാണ് ദുഃഖം നൽകുന്നത്. എങ്കിലും ആത്മാവുതന്നെയല്ലേ. അവരെയാണ് പറയുന്നത് അശുദ്ധ ആത്മാവ്. ശരീരംകൊണ്ടും, ശരീരം ഇല്ലാതെയും ദുഃഖം നൽകുന്നു. ജ്ഞാനം സഹജമാണ്. സ്വദർശനചക്രധാരിയായി മാറണം. ബാക്കി മുഖ്യമായ കാര്യം പവിത്രതയാണ്. ഇതിനായി അച്ഛനെ സന്തോഷത്തോടെ ഓർമ്മിക്കണം. രാവണനെ പിശാച് എന്നല്ലേ പറയാറ്. ഈ സമയത്ത് ഈ ലോകം തന്നെ പൈശാചികമാണ്. പരസ്പരം അനേക പ്രകാരത്തിലുള്ള ദുഃഖങ്ങൾ നൽകിക്കൊണ്ടിരിക്കുന്നു. പിശാച് എന്ന് അപവിത്രമായവരെയാണ് പറയുന്നത്. പതിത ആത്മാവിൽ 5 വികാരങ്ങളും വിവിധ പ്രകാരങ്ങളിലുണ്ടാകും. ചിലരിൽ കാമവികാരത്തിന്റെ ശീലമാണെങ്കിൽ ചിലരിൽ ക്രോധിക്കുന്ന ശീലമായിരിക്കും, ചിലരിൽ ബുദ്ധിമുട്ടിക്കുന്ന ശീലമായിരിക്കും, ചിലരിലാണെങ്കിൽ നഷ്ടമുണ്ടാക്കുന്ന ശീലമായിരിക്കും. ചിലരിൽ കാമവികാരത്തിന്റെ ശീലമുണ്ടെങ്കിൽ അത് ലഭിക്കാതെ വരുമ്പോൾ ക്രോധിച്ചുകൊണ്ട് ഒരുപാട് ഉപദ്രവിക്കാറുമുണ്ട്. ഈ ലോകം തന്നെ ഇങ്ങനെയാണ്. അതിനാൽ ബാബ വന്ന് ധൈര്യം നൽകുകയാണ്- അല്ലയോ ആത്മാക്കളേ, മക്കളേ ധൈര്യമായിരിക്കൂ, എന്നെ ഓർമ്മിച്ചുകൊണ്ടിരിക്കു ഒപ്പം ദൈവീകഗുണങ്ങളും ധാരണ ചെയ്യൂ. ജോലിയൊന്നും ചെയ്യേണ്ട എന്നൊന്നും പറയുന്നില്ല. എങ്ങനെയാണോ പട്ടാളക്കാർക്ക് യുദ്ധം ചെയ്യാൻ പോകേണ്ടതായി വരുമ്പോൾ അവരോടും പറയും ശിവബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കു. ഗീതയിലെ വരികൾ എടുത്ത് അവർ മനസ്സിലാക്കുന്നത് യുദ്ധമൈതാനത്തിൽ അഥവാ ഞാൻ മരിക്കുകയാണെങ്കിൽ സ്വർഗ്ഗത്തിലെത്തും എന്നാണ് അതിനാൽ അവർ സന്തോഷത്തോടെ യുദ്ധമൈതാനത്തിലേയ്ക്ക് പോകുന്നു. പക്ഷേ ആ കാര്യം സത്യമല്ല. ഇപ്പോൾ ബാബ പറയുന്നു നിങ്ങൾക്ക് സ്വർഗ്ഗത്തിലേയ്ക്ക് പോകാൻ സാധിക്കും എന്നാൽ കേവലം ശിവബാബയെ ഓർമ്മിക്കു. ഓർമ്മിക്കേണ്ടത് ഒരേ ഒരു ശിവബാബയെത്തന്നെയാണ് എങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലേയ്ക്ക് പോകും. ആരെല്ലാം ഇവിടെക്ക് വന്നശേഷം പോയി പതിതമാകുന്നുവോ അവരും തീർച്ചയായും സ്വർഗ്ഗത്തിലേയ്ക്ക് വരും. ശിക്ഷകൾ അനുഭവിച്ച്, പാവനമായാലും തീർച്ചയായും വരും. ബാബ ദയാഹൃദയനല്ലേ. ബാബ മനസ്സിലാക്കിത്തരുന്നു ഒരു വികർമ്മവും ചെയ്യരുത് എങ്കിൽ വികർമ്മാജീത്തായി മാറും. ഈ ലക്ഷ്മീ നാരായണന്മാർ വികർമ്മാജീത്തല്ലേ. പിന്നീട് രാവണരാജ്യത്തിൽ വികർമ്മിയായി മാറുന്നു. വിക്രമ സംവത്സരം ആരംഭിക്കുമല്ലോ. മനുഷ്യർക്കാണെങ്കിൽ ഒന്നും അറിയില്ല. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ അറിയാം ഈ ലക്ഷ്മീ നാരായണന്മാർ വികർമ്മാജീത്ത് ആയിട്ടുണ്ട്. പറയും വികർമ്മാജീത്ത് നമ്പർ വൺ ആയിരുന്നു പിന്നീട് 2500 വർഷങ്ങൾക്ക് ശേഷം വിക്രമ സംവത്സരം ആരംഭിച്ചു. മോഹജീത്ത് രാജാവിന്റെ കഥയില്ലേ. ബാബ പറയുന്നു നഷ്ടോമോഹയായി മാറു. എന്നെമാത്രം ഓർമ്മിക്കുകയാണെങ്കിൽ പാപം ഇല്ലാതാകും. 2500 വർഷങ്ങളിൽ ചെയ്ത പാപങ്ങളെ ഇല്ലാതാക്കി 50-60 വർഷങ്ങൾക്കുള്ളിൽ നിങ്ങൾക്ക് സ്വയത്തെ സതോപ്രധാനമാക്കാൻ സാധിക്കും. അഥവാ യോഗബലമില്ലെങ്കിൽ നമ്പർ പിന്നിലായിപ്പോകും. മാല വളരെ

വലുതാണ്. ഭാരതീയരുടെ മാല വളരെ പ്രധാനപ്പെട്ടതാണ്. അതിനുമേലാണ് മുഴുവൻ കളിയും ഉണ്ടാക്കിയിരിക്കുന്നത്. ഇതിൽ മുഖ്യം ഓർമ്മയുടെ യാത്രയാണ്, ബാക്കി ഒരു ബുദ്ധിമുട്ടുമില്ല. ഭക്തിയിലാണെങ്കിൽ ബുദ്ധിയോഗം അനേകം പേരിലായിരിക്കും. ഇതെല്ലാം രചനകളാണ്. അവരുടെ ഓർമ്മയിലൂടെ ആരുടേയും മംഗളം ഉണ്ടാകില്ല. ബാബ പറയും ആരെയും ഓർമ്മിക്കരുത്. എങ്ങനെയാണോ ഭക്തിമാർഗ്ഗത്തിന്റെ തുടക്കത്തിൽ നിങ്ങൾ ഭക്തി മാത്രം ചെയ്തത് അതുപോലെ ഇപ്പോൾ അവസാന സമയത്ത് എന്നെമാത്രം ഓർമ്മിക്കു. ബാബ എത്ര വ്യക്തമായാണ് മനസ്സിലാക്കിത്തരുന്നത്. മുമ്പ് ഇതെല്ലാം അറിയുമായിരുന്നോ. ഇപ്പോൾ നിങ്ങൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു. ബാബ പറയുന്നു മറ്റു സംഗങ്ങളെല്ലാം വെടിഞ്ഞ് ഒരു സംഗത്തിലിരിക്കു എങ്കിൽ യോഗാഗ്നിയിലൂടെ നിങ്ങളുടെ പാപങ്ങൾ ഭസ്മമാകും. ഒരുപാട് പാപങ്ങൾ ചെയ്തിട്ടുണ്ട്. കാമകഠാരി ഉപയോഗിച്ചിരുന്നു. പരസ്പരം ആദി മദ്ധ്യ അന്ത്യം ദുഃഖം നൽകിവന്നു. കാമകഠാരി എന്നത് പ്രധാന കാര്യമാണ്. ഇതും ഡ്രാമയല്ലേ. എന്തിനാണ് ഡ്രാമ ഇങ്ങനെ ഉണ്ടാക്കിയത്? എന്നും ചോദിക്കാൻ കഴിയില്ല. ഇത് അനാദിയായ കളിയാണ്. ഇതിൽ എനിക്കും പാർട്ടുണ്ട്. ഡ്രാമ എപ്പോൾ ഉണ്ടാക്കി, എപ്പോൾ പൂർത്തിയാകും– ഇതും പറയാൻ സാധിക്കില്ല. ഇത് ആത്മാവിൽ പാർട്ട് നിറഞ്ഞിരിക്കുകയാണ്. ആത്മാവിന്റെ പ്ലേറ്റ് ഒരിയ്ക്കലും മായുകയോ തേയുകയോ ഇല്ല. ആത്മാവ് അവിനാശിയാണ്, അതിലുള്ള പാർട്ടും അവിനാശിയാണ്. ഡ്രാമയും അവിനാശിയാണ് എന്നാണ് പറയാറ്. പുനർജന്മത്തിൽ വരാത്ത ബാബയാണ് വന്ന് എല്ലാ രഹസ്യങ്ങളും മനസ്സിലാക്കിത്തരുന്നത്. സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യം മനസ്സിലാക്കിത്തരാൻ മറ്റാർക്കും സാധിക്കില്ല. ആർക്കും അച്ഛന്റെ കർത്തവ്യവും അറിയില്ല, ആത്മാവിന്റെ കർത്തവ്യവും അറിയില്ല, ഒന്നും അറിയുന്നില്ല. ഈ സൃഷ്ടിയുടെ ചക്രം കറങ്ങിക്കൊണ്ടേയിരിക്കും.

ഇപ്പോൾ പുരുഷോത്തമ സംഗമയുഗമാണ്, ഇപ്പോഴാണ് സർവ്വാത്മാക്കളും ഉത്തമ പുരുഷന്മാരായി മാറുന്നത്. ശാന്തീധാമത്തിൽ എല്ലാ ആത്മാക്കളും പവിത്രവും ഉത്തമവുമായിരിക്കും. ശാന്തിധാമം പാവനമല്ലേ. പുതിയലോകവും പവിത്രമാണ്. അവിടെ ശാന്തി തീർച്ചയായുമുണ്ട്, പിന്നീട് ശരീരം ലഭിക്കുന്നതിലൂടെ പാർട്ട് അഭിനയിക്കുന്നു. ഇതും നമുക്ക് അറിയാം, ഓരോരുത്തർക്കും അവരവരുടെ പാർട്ട് ലഭിച്ചിട്ടുണ്ട്. ശാന്തിധാമം നമ്മുടെ വീടാണ്, അവിടെ ശാന്തമായിരിക്കും. ഇവിടെയാണെങ്കിൽ പാർട്ട് അഭിനയിക്കണം. ഇപ്പോൾ അച്ഛൻ പറയുന്നു ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ എന്റെ അവ്യഭിചാരീ പൂജ ചെയ്തിരുന്നു. ദുഃഖികളായിരുന്നില്ല. ഇപ്പോൾ വ്യഭിചാരീ ഭക്തിയിലേയ്ക്ക് വന്നതിനാൽ നിങ്ങൾ ദുഃഖിയായി മാറിയിരിക്കുന്നു. ഇപ്പോൾ അച്ഛൻ ദൈവീക ഗുണങ്ങൾ ധാരണചെയ്യാൻ പറയുന്നു എന്നിട്ടും എന്തിന് ആസുരീയ ഗുണങ്ങൾ എടുക്കുന്നു? ബാബയെ വിളിച്ചതുതന്നെ പാവനമാക്കാൻ വരൂ എന്നല്ലേ. എന്നിട്ടും എന്തിനാണ് പതിതമായി മാറുന്നത്? അതിലും പ്രധാനമായി കാമത്തെ ജയിക്കണം എങ്കിൽ നിങ്ങൾ ജഗദ്ജീത്തായി മാറും. മനുഷ്യരാണെങ്കിൽ ഭഗവാനെക്കുറിച്ച് പറയുന്നത് അങ്ങുതന്നെ പൂജ്യൻ അങ്ങുതന്നെ പൂജാരി എന്നാണ്. ഭഗവാനെപ്പോലും താഴേയ്ക്ക് കൊണ്ടുവരുന്നു. ഇങ്ങനെ പാപങ്ങൾ ചെയ്ത് ചെയ്ത് മഹാവികാരീ ലോകമായി മാറി. ഗരുഢപുരാണത്തിലും അതിഘോര നരകത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്, അവിടെ തേളും പഴുതാരയും എല്ലാം കടിക്കും. ശാസ്ത്രങ്ങളിൽ എന്തെല്ലാമാണ് ഇരുന്ന് എഴുതിയിരിക്കുന്നത്. ഇതും ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ഈ ശാസ്ത്രങ്ങളെല്ലാം ഭക്തിമാർഗ്ഗത്തിന്റേതാണ്. അതിലൂടെ ആർക്കും എന്റെ അടുത്ത് എത്താൻ സാധിക്കില്ല. പിന്നെയും കൂടുതൽ തമോപ്രധാനമായി മാറിയിരിക്കുന്നു. അതിനാലാണ് വന്ന് ഞങ്ങളെ പാവനമാക്കിമാറ്റൂ എന്നു പറഞ്ഞ് വിളിക്കുന്നത് എങ്കിൽ തീർച്ചയായും പതിതരല്ലേ. മനുഷ്യരാണെങ്കിൽ ഒന്നും മനസ്സിലാക്കുന്നില്ല. ആരാണോ നിശ്ചയബുദ്ധികളാവുന്നത് അവർ വിജയിയാവും. രാവണനുമേൽ വിജയം നേടി രാമരാജ്യത്തിലേയ്ക്കുവരും. അച്ഛൻ പറയുന്നു കാമത്തിനുമേൽ വിജയം നേടൂ, ഇതിന്റെ പേരിലാണ് ബഹളമുണ്ടാകുന്നത്. അമൃത് ഉപേക്ഷിച്ച് വിഷം എന്തിന് കുടിക്കുന്നു? എന്ന് മഹിമയുണ്ട്. അമൃത് എന്ന് കേൾക്കുമ്പോൾ ഗോമുഖത്തിൽ നിന്നാണ് അമൃത് പുറത്ത് വരുന്നത് എന്ന് കരുതുന്നു. ഗംഗാജലത്തെ അമൃത് എന്ന് പറയാൻ സാധിക്കുമോ. ഇത് ജ്ഞാനാമൃതത്തിന്റെ കാര്യമാണ്. പത്നി പതിയുടെ കാലുകൾ കഴുകി വെള്ളം കുടിക്കുന്നു, അതിനെയും അമൃത് എന്നാണ് കരുതുന്നത്. അഥവാ അത് അമൃത് ആണെങ്കിൽ വജ്രതുല്യമായി മാറേണ്ടതല്ലേ. ഇവിടെ അച്ഛൻ ജ്ഞാനം നൽകുകയാണ് അതിലൂടെ നിങ്ങൾ വജ്രമായി മാറുന്നു. ജലത്തിന്റെ പേരിനെ എത്ര പ്രശസ്തമാക്കിയിരിക്കുന്നു. നിങ്ങൾ ജ്ഞാനാമൃതം കുടിപ്പിക്കുന്നു അവർ ജലം കുടിപ്പിക്കുന്നു. നിങ്ങൾ ബ്രാഹ്മണരെ ആർക്കും അറിയില്ല. അവർ കൗരവർ പാണ്ഢവർ എന്ന് പറയുന്നുണ്ട് പക്ഷേ പാണ്ഢവർ തന്നെയാണ് ബ്രാഹ്മണർ എന്നത് അവർ അറിയുന്നില്ല. പാണ്ഢവർ തന്നെയാണ് ബ്രാഹ്മണർ എന്ന് മനസ്സിലാക്കാൻ ഗീതയിൽ അത്തരത്തിലുള്ള വാക്കുകളൊന്നുമില്ല. അച്ഛൻ ഇരുന്ന് മുഴുവൻ ശാസ്ത്രങ്ങളുടേയും സാരം മനസ്സിലാക്കിത്തരുന്നു. കുട്ടികളോട് പറയുന്നു ശാസ്ത്രങ്ങളിൽ നിന്ന് എന്തെല്ലാം പഠിച്ചിട്ടുണ്ടോ അതും പിന്നീട് ഞാൻ എന്തെല്ലാം കേൾപ്പിക്കുന്നോ അതും മനസ്സിലാക്കി നിങ്ങൾ തന്നെ നിർണ്ണയിക്കു.

നിങ്ങൾക്ക് അറിയാം നാം മുമ്പ് എന്തെല്ലാം കേട്ടുവോ അതെല്ലാം തെറ്റായിരുന്നു, ഇപ്പോൾ ശരിയായ കാര്യം കേട്ടുകൊണ്ടിരിക്കുകയാണ്.

അച്ഛൻ മനസ്സിലാക്കിത്തന്നിട്ടുണ്ട് നിങ്ങൾ എല്ലാവരും സീതമാരാണ് അഥവാ ഭക്തരാണ്. ഭക്തിയുടെ ഫലം നൽകുന്നത് ഭഗവാനായ രാമനാണ്. പറയുന്നു ഞാൻ വരുന്നത് ഫലം നൽകുന്നതിനാണ്. നിങ്ങൾക്ക് അറിയാം നമ്മൾ സ്വർഗ്ഗത്തിൽ അപാരമായ സുഖം അനുഭവിച്ചിരുന്നു. ആ സമയത്ത് ബാക്കി എല്ലാവരും ശാന്തീധാമത്തിലാണ് ഇരുന്നത്. എന്തായാലും ശാന്തി ലഭിക്കുമല്ലോ. അവിടെ പുതിയലോകത്തിൽ സുഖം –ശാന്തി–പവിത്രത എല്ലാം ഉണ്ടാകും. നിങ്ങൾ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട് വിശ്വത്തിൽ എപ്പോഴാണോ ഒരു രാജ്യം ഉണ്ടായിരുന്നത് അപ്പോഴാണ് ശാന്തി ഉണ്ടായിരുന്നത്. എന്നിട്ടും മനസ്സിലാക്കുന്നില്ല. സ്ഥിര മായി നിൽക്കുന്നത് വിരളംപേരാണ്. അവസാന സമയത്ത് വളരെ അധികംപേർ വരും. എവിടേയ്ക്ക് പോകാനാണ്! ഈ ഒരു കട മാത്രമേയുള്ളു. കടക്കാരന്റെ സാധനം നല്ലതാണെങ്കിൽ വില ഒന്നായിരിക്കും. ഇതാണെങ്കിൽ ശിവബാബയുടെ കടയാണ്, ബാബ നിരാകാരനാണ്. ബ്രഹ്മാവും തീർച്ചയായും വേണം. നിങ്ങളെ ബ്രഹ്മാകുമാർ– കുമാരിമാർ എന്നാണ് വിളിക്കുന്നത്. ശിവകുമാരികൾ എന്ന് വിളിക്കാൻ സാധി ക്കില്ല. ബ്രാഹ്മണരും തീർച്ചയായും വേണം. ബ്രാഹ്മണരായി മാറാതെ എങ്ങനെ ദേവതയായി മാറും. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം –

1. ദേവതകളുടേതുപോലുള്ള ഗുണം സ്വയത്തിൽ ധാരണ ചെയ്യണം, ഉള്ളിൽ എന്തെല്ലാം പൈശാചിക സംസ്ക്കാരങ്ങളുണ്ടോ, ക്രോധം മുതലായ ശീലങ്ങളുണ്ടോ, അതിനെയെല്ലാം ഉപേക്ഷിക്കണം. വികർമ്മാജീത്തായി മാറണം അതിനാൽ ഇപ്പോൾ ഒരു വികർമ്മവും ചെയ്യരുത്.

2. വജ്രതുല്യം ശ്രേഷ്ഠമായി മാറുന്നതിന് ജ്ഞാനാമൃതം കുടിക്കുകയും കുടിപ്പിക്കുകയും വേണം. കാമ വികാരത്തിനുമേൽ സമ്പൂർണ്ണ വിജയം നേടണം. സ്വയത്തെ സതോപ്രധാനമാക്കി മാറ്റണം. ഓർമ്മയുടെ ബലത്തിലൂടെ എല്ലാ പഴയ കണക്കുവഴക്കുകളേയും ഇല്ലാതാക്കണം.

## വരദാനം:– ബുദ്ധിയെ എന്റെ എന്ന വൃത്തത്തിൽ നിന്ന് പുറത്ത് കൊണ്ടുവന്ന് ചഞ്ചലതകളിൽ നിന്ന് മുക്തമായിരിക്കുന്ന നിർമ്മോഹിയും ട്രസ്റ്റിയുമായി ഭവിക്കട്ടെ.

ബുദ്ധി എപ്പോഴെങ്കിലും ചഞ്ചലതകളിൽപെടുമ്പോൾ മനസ്സിലാക്കൂ തീർച്ചയായും ഏതെങ്കിലും എന്റേതെന്ന ഭാവമുണ്ട്. എവിടെ എന്റേത് വന്നുവോ അവിടെ ബുദ്ധി വൃത്തത്തിൽ പെട്ടു. ഗൃഹസ്ഥിയാണെന്ന് മനസ്സിലാക്കുന്നതിലൂടെ അസ്വസ്ഥമാകുന്നു, അതിനാൽ തികച്ചും നിർമ്മോഹിയും ട്രസ്റ്റിയുമാകൂ. ഈ എന്റേതെന്ന ഭാവം– എന്റെ പേര് മോശമാകും, എന്റെ നിന്ദയുണ്ടാകും...ഇങ്ങനെ ചിന്തിക്കുന്നതും ചഞ്ചലപ്പെടലാണ്. പിന്നെ എത്ര തന്നെ നേരെയാകാൻ ശ്രമിച്ചാലും അത്രയും ചഞ്ചലപ്പെടും. അതിനാൽ ട്രസ്റ്റിയായി ഈ ചഞ്ചലതകളിൽ നിന്ന് മുക്തമാകൂ. ഭഗവാന്റെ കുട്ടികൾ ഒരിക്കലും ചഞ്ചലതകളിൽ വരിക സാദ്ധ്യമല്ല.

## സ്ലോഗൻ:– വലിയ അച്ഛന്റെ മക്കളാണ് അതുകൊണ്ട് ചെറിയ മസ്സുള്ളവരാകരുത് ചെറിയ കാര്യങ്ങളിൽ പരിഭ്രമിക്കുകയുമരുത്.